പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2236 | 04.11.2019 -ൽ മറുപടിക്ക്

**റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നടപടി**

| ചോദ്യം<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിന് എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും ലഭ്യമാക്കുന്ന ഭക്ഷ്യധാന്യങ്ങൾ പലപ്പോഴും ഗുണനിലവാരമില്ലാത്തതും ഭക്ഷ്യയോഗ്യമല്ലാത്തതുമാണെന്നുള്ള പരാതി ഉണ്ടാകുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ് ; | (എ) റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിന് എഫ്.സി.ഐ ഗോഡൗണിൽ നിന്നും ലഭ്യമാക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച് ചില അവസരങ്ങളിൽ പരാതി ലഭിക്കാറുണ്ട്. നിർദ്ദിഷ്ട രീതിയിലുള്ള ഗുണനിലവാര പരിശോധനകൾ ഔദ്യോഗികമായി നടന്നാൽ പോലും, പൊട്ടിവീണ ഭക്ഷ്യധാന്യങ്ങൾ ഉൾപ്പെടുന്ന ചാക്കുകൾ ലഭ്യമാക്കുന്നത് പരാതികൾക്ക് ഇടയാകാറുണ്ട്. |
| (ബി) റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ് ; | (ബി) എഫ്.സി.ഐ യിൽ നിന്ന് ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പവരുത്തുന്നതിന് എഫ്.സി.ഐ തലത്തിൽ തന്നെ പരിശോധനാ സംവിധാനങ്ങളുണ്ട്. എൻ.എഫ്.എസ്.എ ഗോഡൗണുകളിലേയ്ക്ക് എത്തുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പവരുത്തുന്നതിന് സപ്ലൈകോയുടെ ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിലുള്ള പരിശോധനകൾ ടി ഉദ്യോഗസ്ഥർ നിർവ്വഹിക്കുകയും കീട നിയന്ത്രണത്തിനു വേണ്ട സ്പ്രേയിംഗ്, ഫ്യൂമിഗേഷൻ മുതലായവ യഥാസമയം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ നിന്നും റേഷൻ കടകളിലേയ്ക്ക് അയയ്ക്കുന്ന ഭക്ഷ്യധാന്യങ്ങൾ ജില്ലാ സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർ എന്നിവർ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പവരുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. മില്ലുകളിൽ നിന്നും വിട്ടെടുക്കുന്ന സി.എം.ആർ അരിയുടെ ഗുണനിലവാരം കൃഷി ഓഫീസർമാരുടെ നേതൃത്വത്തിൽ മില്ലുകളിൽ പരിശോധന നടത്തി ഉറപ്പാക്കുന്നുണ്ട്. സപ്ലൈകോയുടെ ഗോഡൗണുകളിൽ എത്തുമ്പോൾ ടി സ്റ്റോക്ക് ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥർ പരിശോധിച്ച് വീണ്ടും ഗുണനിലവാരം ഉറപ്പാക്കുന്നു. |

| | |
|---|---|
| (സി) എൻ.എഫ്.എസ്.എഫ് ഗോഡൗണുകളിൽ ഫസ്റ്റ് ഇൻ ഔട്ട് മെത്തേഡ് കർശനമായി പിൻതുടരാത്തതാണ് റേഷൻ സാധനങ്ങളുടെ ഗുണനിലാരത്തെ ബാധിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഈ മെത്തേഡ് ഉറപ്പാക്കുന്നതിന് എന്ത് ഇടപെടലുകളാണ് നടത്തുന്നത് എന്നറിയിക്കാമോ? | (സി) ഇല്ല. എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ ഫസ്റ്റ് ഇൻ ഫസ്റ്റ് ഔട്ട് (FIFO) രീതി കർശനമായി പാലിക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. ആയത് ഉറപ്പാക്കുന്നതിന് ജില്ലാ സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർ എന്നിവർ എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ കർശനമായി പരിശോധനകൾ നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ